**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **30-06-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വസാഗരം സുന്ദരതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ശുചിത്വസാഗരം സുന്ദരതീരം പദ്ധതി എത്ര ഘട്ടമായാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി 3 ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചുള്ള ബോധവത്ക്കരണമാണ് ഒന്നാം ഘട്ടം. ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടം. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർ ക്യാമ്പയിനുമാണ് മൂന്നാംഘട്ടം. |
| (ബി) | ഓരോ ഘട്ടത്തിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, അച്ചടി, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, സിനിമ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലൂടെയും, സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, നാടൻ കലാരൂപങ്ങൾ എന്നിവയിലൂടെയും ആവശ്യമായ പ്രചാരണവും, ബോധവൽക്കരണവും സംഘടിപ്പിയ്ക്കുന്നതാണ് ഒന്നാം ഘട്ടം.<br><br>രണ്ടാം ഘട്ടത്തിൽ 590 കിലോ മീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് സെപ്റ്റംബർ 18 ന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിയ്ക്കും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കും. ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കും. |

| | | | |
|---|---|---|---|
| | | | ഇങ്ങനെ സംഭരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരം ക്ലീൻ കേരള മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കും.<br><br>2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റ് വാങ്ങി ക്ലീൻ ചെയ്ത് റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ച് പറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിയ്ക്കുന്ന മറ്റ് ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിയ്ക്കുന്നതാണ് മൂന്നാം ഘട്ടത്തിൽ നടത്തുന്നത്. ഇത് കൂടാതെ കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർ ബോധവൽക്കരണം നടപ്പാക്കുകയും പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിയ്ക്കുന്ന തരത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിയ്ക്കുകയും ചെയ്യും |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യമായിട്ടുണ്ടോ; എങ്കിൽ എത്ര സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യമായി വരും എന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | സന്നദ്ധപ്രവർത്തകരുടെ സേവനം അനിവാര്യമാണ്. 590 കിലോ മീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് ഓരോ കിലോമീറ്ററിലും 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നുണ്ട്. 600 ആക്ഷൻ ഗ്രൂപ്പുകളിലുമായി ആകെ 15,000 സന്നദ്ധപ്രവർത്തകരെങ്കിലും ആവശ്യമായി വരും. |

സെക്ഷൻ ഓഫീസർ